പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.545

25.10.2011ൽ
മറുപടിക്ക്

# നെൽവയൽ-നീർത്തട സംരക്ഷണ നിയമം

ചോദ്യം

ഡോ.ടി.എം.തോമസ് ഐസക് :
ശ്രീ.എം.ചന്ദ്രൻ :
ശ്രീ.ജെയിംസ് മാത്യു :
പ്രൊഫ.സി.രവീന്ദ്രനാഥ് :

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ-നീർത്തട സംരക്ഷണ നിയമം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനകം 1087 കൃഷി ഭവനുകളുടെ പരിധിയിൽ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 1065 കൃഷി ഭവനുകളിൽ സർവ്വേ പൂർത്തീകരിക്കുകയും 975 കൃഷി ഭവനുകളുടെ കരട് ഡാറ്റാ ബാങ്ക് പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനത്തിനായി നൽകിയിട്ടുണ്ട്. പ്രാദേശിക തല നിരീക്ഷണ സമിതിയ്ക്ക് അധികാരികതയുള്ള പ്രദേശത്തെ നിലവിലുള്ള റവന്യൂ റിക്കാർഡുകൾ പ്രകാരം കൃഷിയോഗ്യമായ നെൽവയലായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വില്ലേജാഫീസർ, കൃഷി ഓഫീസർക്ക് നൽകുകയും ഇതിന്റെയടിസ്ഥാനത്തിൽ കൃഷി ഓഫീസർ ഓരോ സ്ഥലവും പരിശോധിച്ച് പ്രസ്തുത സ്ഥലം ഇപ്പോൾ നെൽകൃഷിയ്ക്ക് അനുയോജ്യമായ നെൽവയലാണോ എന്ന് പരിശോധിച്ചും തണ്ണീർത്തടങ്ങളെ സംബന്ധിച്ച റവന്യൂ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ വില്ലേജാഫീസിൽ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറും വില്ലേജാഫീസറും കൂടി നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ഒരു കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കി സമിതിയുടെ അംഗീകാരത്തോടുകൂടി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിലേയ്ക്ക് ബന്ധപ്പെട്ട. |

പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിൽ നാളിതുവരെ കൈവരിച്ച പുരോഗതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| നം. | ജില്ല | കൃഷി ഭവനുകളുടെ എണ്ണം | സർവ്വെ പൂർത്തീകരിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയ കൃഷി ഭവൻ (എണ്ണം) | ഡാറ്റാ ബാങ്ക് പ്രസിദ്ധീക-രിക്കുന്നതിന് സമിതി അംഗീകരിച്ച് ഗസറ്റ് വിജ്ഞാ-പനത്തിന് വേണ്ടി കൈമാറിയത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 89 | 89 | 83 |
| 2 | കൊല്ലം | 78 | 72 | 72 |
| 3 | പത്തനംതിട്ട | 68 | 68 | 45 |
| 4 | ആലപ്പുഴ | 78 | 78 | 76 |
| 5 | കോട്ടയം | 79 | 79 | 79 |
| 6 | ഇടുക്കി | 53 | 41 | 27 |
| 7 | എറണാകുളം | 97 | 97 | 72 |
| 8 | തൃശ്ശൂർ | 105 | 105 | 85 |
| 9 | പാലക്കാട് | 95 | 92 | 92 |
| 10 | മലപ്പുറം | 108 | 108 | 108 |
| 11 | കോഴിക്കോട് | 81 | 81 | 81 |
| 12 | വയനാട് | 26 | 25 | 25 |
| 13 | കണ്ണൂർ | 89 | 89 | 89 |
| 14 | കാസറഗോഡ് | 41 | 41 | 41 |
| | ആകെ | 1087 | 1065 | 975 |

| | | | |
|---|---|---|---|
| (ബി) | നിയമം നടപ്പിൽ വരുത്തുന്നതിന്റെ മുൻപായി എന്തെല്ലാം കാര്യങ്ങൾ | (ബി) | 2008 ആഗസ്റ്റ് 12 മുതൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നു. ഇതു സംബന്ധിച്ച് രൂപീകരിച്ച ചട്ടങ്ങൾ 2008, ഡിസംബർ 24-ാം തീയതിയും നിലവിൽ വന്നിട്ടുണ്ട്. കേരളാ നെൽവയൽ-തണ്ണീർത്തട |

| | | | |
|---|---|---|---|
| | നിർവ്വഹിക്കേണ്ടതായിട്ടുണ്ട് ; ഇവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | | സംരക്ഷണ നിയമം 2008 ഫലപ്രദമായി നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും പഞ്ചായത്ത്തല പ്രാദേശിക നിരീക്ഷണ സമിതികളും ജില്ലാതല അധികൃത സമിതികളും രൂപീകരിച്ചിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്കായുള്ള അപേക്ഷകളിൽ പ്രാദേശികതല സമിതികൾ ശുപാർശ ചെയ്തിട്ടുള്ള കേസുകൾ നേരിട്ടു പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിയ്ക്കുവാനായി കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറും, ലാന്റ് റവന്യൂ കമ്മീഷണർ, പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ദ്ധൻ, നെൽക്കൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തേയും കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാറ്റാ ബാങ്ക് മിക്കവാറും എല്ലാ പഞ്ചായത്തുകളിലും പൂർത്തിയാക്കി ഗസറ്റ് വിജ്ഞാപനത്തിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ഏൽപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടി അതിവേഗം പുരോഗമിച്ചു വരുന്നു. |

Rajeev

സെക്ഷൻ ഓഫീസർ